US PROFILES

രേഷ്മ രഞ്ജൻ

emalayalee.com

ഇംഗ്ലീഷ് എഴുത്തിലെ ഇന്ത്യൻ കയ്യൊപ്പ് -രേഷ്മ രഞ്ജൻ

മീട്ടു റഹ്മത്ത് കലാം

ഒരു കഥയ്ക്ക് ശുഭാന്ത്യം നൽകുന്നതും ദുരന്ത പര്യവസായി ആക്കുന്നതും രചയിതാവിന്റെ ആവിഷ്കാര സ്വാതന്ത്ര്യമാണ്. നോവൽ വായിക്കുമ്പോഴും സിനിമ കാണുമ്പോഴും, പ്രിയപ്പെട്ട കഥാപാത്രങ്ങൾ മരിക്കുന്ന സന്ദർഭത്തിൽ അവർ രക്ഷപ്പെട്ടിരുന്നെങ്കിൽ എന്ന് ചിന്തിക്കാത്തവരുണ്ടോ? സ്വന്തം മനസ്സിനെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ കഥകളെ മനസ്സിൽ തിരുത്തി എഴുതുന്ന വിചിത്രമായ ശീലമാണ് തന്നെ എഴുത്തുകാരിയാക്കിയതെന്ന് രേഷ്മ രഞ്ജൻ പറയുന്നു. ആ തൂലികത്തുമ്പിൽ നിന്ന് 13 നോവലുകളാണ് പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായത്, രണ്ടെണ്ണത്തിന്റെ കൂടി പണിപ്പുരയിലാണ് കഥാകാരി. ഭർത്താവിന്റെ ജോലിയുമായി ബന്ധപ്പെട്ട് അമേരിക്കയിൽ എത്തുകയും, മക്കളുടെ വിദ്യാഭ്യാസം കണക്കിലെടുത്ത് വീട്ടമ്മയായി ഒതുങ്ങിക്കൂടുകയും ചെയ്ത വാർപ്പുമാതൃകയിലെ മലയാളി സ്ത്രീയുടെ സ്ഥാനത്തുനിന്ന് നോവലിസ്റ്റ് എന്ന മേൽവിലാസം നേടിയെടുത്ത രേഷ്മ, മോഹങ്ങൾ ഉള്ളിലടക്കി ജീവിക്കുന്നവർക്ക് പറന്നുയരാനുള്ള പ്രചോദനമാണ്. ഫോമാ വിമൻസ് ഫോറത്തിന്റെ സെക്രട്ടറി പദവിയും, സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനുള്ള അവസരമാ

യാണ് അവർ കണക്കാക്കുന്നത്.

കേരളവുമായുള്ള ബന്ധം?

അച്ഛൻ ചെറുപ്പളശ്ശേരിയിൽ, അമ്മ പാലക്കാട്. ചെറുപ്പത്തിൽ ഭാഷ പഠിച്ചുതുടങ്ങുന്ന സമയത്ത് ഞാൻ കേരളത്തിലായിരുന്നു. കാനറാ ബാങ്കിലായിരുന്നു അച്ഛന് ജോലി. അച്ഛന്റെ ട്രാൻസ്ഫർ കാരണം മൂന്നു വർഷം കൂടുമ്പോൾ കേരളത്തിൽ വിവിധ സ്ഥലങ്ങളിലായിരുന്നു താമസം.ഏഴാം ക്ലാസ് എത്തിയപ്പോൾ പാലക്കാട് പോയി. ഹൈസ്കൂൾ മുതൽ പാലക്കാട് അച്ഛമ്മയ്ക്കൊപ്പമായിരുന്നു.

കോളജ് പഠനം?

ഗ്രാജുവേഷൻ കറസ്പോണ്ടൻസായാണ് ചെയ്തത്. ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (കേരളയൂണിവേഴ്സിറ്റി), പി.ജി. കാലിക്കറ്റ് യൂണിവേഴ്സിറ്റി. പോസ്റ്റ് ഗ്രാജുവേഷന്റെ ഫൈനൽ വൈവയുടെ സമയത്ത് ഗർഭിണിയായിരുന്നത് കൊണ്ട് പൂർത്തിയാക്കാൻ സാധിച്ചില്ല. അമ്മ എന്ന ഉത്തരവാദിത്തം നിർവഹിക്കുന്ന തിരക്കിൽ ഒരു ബ്രേക്ക് എടുത്തു. പിന്നെ നോക്കിയപ്പോൾ എല്ലാ പേപ്പറും എഴുതണമെന്ന് വന്നു. അതിൽ താല്പര്യം തോന്നിയില്ല. എഴുത്ത് തന്നെയാണ് മേഖല എന്ന് ഉറപ്പിച്ചിരുന്നു. അതിന് പ്രത്യേകം കോഴ്സ് ഒന്നും ചെയ്യേണ്ടതില്ലല്ലോ. ബാംഗ്ലൂരിൽ പബ്ലിക്ക് സ്പീക്കിംഗ് ഇംഗ്ലീഷ് ലാംഗേജ് ആൻഡ് ലിറ്ററേച്ചർ ടീച്ചറായി ജോലി ചെയ്തു. ആരും അറിയാതെ എഴുത്ത് അപ്പോഴും കൂടെയുണ്ട്.

അമേരിക്കയിലേക്ക് ജീവിതം പറിച്ചുനട്ടപ്പോൾ?

അമേരിക്കയിൽ ഭർത്താവിന് ജോലി ലഭിച്ചതിനെത്തുടർന്ന് 2014-ലാണ് ഇവിടേക്ക് വന്നത്. ഈ ഫെബ്രുവരിയിലാണ് എനിക്ക് വർക്ക് പെർമിറ്റ് ലഭിച്ചത്. വായനയെ പ്രാണവായു പോലെ കരുതുന്ന എന്നെ സംബന്ധിച്ച്, വീട്ടിൽ വെറുതെ ഇരിക്കാൻ സമയം ലഭിച്ചത് ഏറെ പ്രയോജനപ്പെട്ടു. ആ വായനയാണ് എന്നിലെ എഴുത്തുകാരിയെ രൂപപ്പെടുത്തിയത്. കഥയുടെ വിത്തുകൾ പാകി, എന്നെയൊരു നോവലിസ്റ്റാക്കി മാറ്റിയതും.ഇതിനിടയിൽ രണ്ടു വർഷത്തെ സോഫ്റ്റ് വെയർ കോഴ്സ് ചെയ്തു.

വിവാഹത്തിനു മുമ്പും ശേഷവുമുള്ള പഠനത്തെ ഒന്നു താരതമ്യം ചെയ്യാമോ?

വിവാഹത്തിനുശേഷമുള്ള പഠനം ബുദ്ധിമുട്ടാണ്. കുട്ടികളൊക്കെ ആയി വരുമ്പോൾ പ്രത്യേകിച്ചും. അതിനു വേണ്ടി സമയം ചെലവഴിക്കാൻ പറ്റുമെങ്കിൽ ചെയ്യാവുന്നതാണ്. അതിനോട് ഡെഡിക്കേഷൻ വേണം.

കുട്ടിക്കാലത്ത് എഴുതുമായിരുന്നോ?

ഒരുപാട് വായിക്കുമായിരുന്നു. ഏതെങ്കിലും സിനിമ കാണുമ്പോൾ ക്ലൈമാക്സ് സങ്കടകരമായാൽ ഞാൻ അത് മനസ്സിൽ മാറ്റിയെഴുതും. ഒന്നാം ക്ലാസിലോ രണ്ടാം ക്ലാസിലോ പഠിക്കുമ്പോഴാണ് 'മിസ്റ്റർ ഇന്ത്യ' എന്ന സിനിമ കാണുന്നത്.അതിൽ ഒരു കുട്ടി മരിക്കുന്ന സീൻ ഉണ്ട്. ഞാൻ ആ കുട്ടി തിരിച്ചുവരുമെന്ന് സങ്കല്പിച്ച് മറ്റൊരു ലോകം സൃഷ്ടിച്ചെടുത്തു. എഴുത്തിന്റെ ആ വിത്തുകളാകാം ഞാൻ പോലും അറിയാതെ മുളപൊട്ടിയത്.പതിനൊന്നാം ക്ലാസിൽ പഠിക്കുന്ന സമയത്താണ് കവിതകൾ എഴുതുന്നത്. കഥകളുടെ ലോകത്തെത്താൻ പിന്നെയും സമയമെടുത്തു. എന്റെ ആദ്യത്തെ പുസ്തകം പ്രസിദ്ധീകരിച്ചതിനുശേഷമാണ് ഞാൻ എഴുതുമെന്ന് വീട്ടുകാർ അറിയുന്നത്.

emalayalee.com

എഴുത്തിൽ ആരാണ് റോൾ മോഡൽ?

വുതറിംഗ് ഹൈറ്റ്സ് എഴുതിയ എമിലി ബ്രോന്റേയോട് വല്ലാത്ത ആരാധന തോന്നിയിട്ടുണ്ട്. വളരെ ചെറിയ പ്രായത്തിൽ ക്ഷയം ബാധിച്ച് മരിച്ചു പോയതാണ്. പതിമൂന്ന് വയസ്സിനിടയിൽ ആകെ ഒരു പുസ്തകമേ എഴുതിയിട്ടുള്ളൂ. സ്ത്രീകൾ പുറത്തൊന്നും പോകാതിരുന്ന അക്കാലത്ത്, കൗമാരത്തിലേക്ക് കാലെടുത്ത് വയ്ക്കുമ്പോൾ തന്നെ ഇത്രയധികം ജീവിതാനുഭവം എങ്ങനെ ആർജ്ജിച്ചു എന്നത് അത്ഭുതമാണ്. അത്രമാത്രം ആഴത്തിലുള്ള പാത്രസൃഷ്ടിയാണ്. ആ പുസ്തകത്തിലെ കഥാപാത്രങ്ങൾ നമുക്ക് ചുറ്റും കാണാവുന്ന ആളുകളാണ്. റോമാൻസ് ആണ് ഞാൻ എഴുതുന്നത്. അതിൽ എനിക്ക് പ്രചോദനമായിട്ടുള്ളത് ബാർബറ കാട്ലറ്റ എന്ന എഴുത്തുകാരിയാണ്. അവരുടെ പുസ്തകത്തിലെ വിക്ടോറിയൻ സ്റ്റൈൽ റൊമാൻസ് ആരെയും ഭ്രമിപ്പിക്കും. നമ്മുടെ രീതിയുമായി അതിന് ഏറെ സാമ്യമുണ്ട്.

മലയാളത്തിൽ എഴുതിയിട്ടുണ്ടോ?

ഇല്ല. വള്ളി പുള്ളി ഒക്കെ മാറിപോകും. മലയാളത്തിൽ നന്നായി എഴുതണമെന്നത് ആഗ്രഹമാണ്. ഇവിടെ മലയാളം വായനയും മറ്റും കുറവാണ്. ഇംഗ്ലീഷിൽ ആ ബുദ്ധിമുട്ടില്ല.കേന്ദ്രീയ വിദ്യാലയത്തിൽ പഠിച്ചതുകൊണ്ട് ഹിന്ദിയും വഴങ്ങും. കുറച്ചു സമയമെടുത്ത് മലയാളത്തിലും ആ ഒഴുക്ക് നേടിയെടുക്കണം.

മലയാളം സിനിമകൾ കാണാറുണ്ടോ?

കാണാറുണ്ട്. നന്നായി അറിയാം. പല സിനിമകളിലെയും ഡയലോഗുകൾ സുഹൃത്തുക്കൾ ചേർന്നിരിക്കുമ്പോൾ കൗണ്ടറടിക്കാറുണ്ട്.

എഴുത്തിൽ ആണിന് അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ സ്വാതന്ത്ര്യവും പെണ്ണിനുണ്ടോ?

സ്ത്രീകളെ നന്നാക്കുക എന്ന കുത്തക സമൂഹം ഏറ്റെടുത്തതായി പലപ്പോഴും തോന്നിയിട്ടുണ്ട്. ഇങ്ങനെയല്ല എഴുതേണ്ടത്; പൈങ്കിളി എഴുതരുത്; ഇങ്ങനെ ഇന്റിമസി എഴുതരുത്... എന്നിങ്ങനെ പലതരം ഉപദേശങ്ങൾ കേട്ടിട്ടുണ്ട്. ഒരു പുരുഷനാണ് എഴുതുന്നതെങ്കിൽ ആരും അവരോട് ചോദിക്കില്ല. ആ വിവേചനം ശരിയല്ല.

താങ്കളുടെ എഴുത്തിൽ കൂടുതലും ഇന്ത്യക്കാരാണല്ലോ കഥാപാത്രമാകുന്നത്?

എല്ലാതരം കഥാപാത്രങ്ങളെയും ഉൾക്കൊള്ളിക്കാൻ ശ്രമിക്കാറുണ്ട്. ഇവിടുത്തെ ആളുകളെപറ്റി എഴുതാൻ എനിക്കറിയില്ല. എന്റെ കുട്ടികൾക്ക് ഇവി

ടെ ആളുകളുമായി ഇടപഴകുന്നതുകൊണ്ട് കൂടുതൽ അറിയാൻ സാധിക്കും. നമ്മുടെ നാട്ടിലെ ആളുകളും അവരുടെ രീതിയും എല്ലാമാണ് എന്റെ കഥാപാത്ര ങ്ങളിൽ കൂടുതലും.

ഇന്ത്യൻ എഴുത്തുകാരുടെ പുസ്തകങ്ങൾക്ക് അമേരിക്കയിൽ എത്രത്തോളം സ്വീകാര്യതയുണ്ട്?

ഞാൻ ശ്രദ്ധിച്ച ഒരു കാര്യം പറയാം. ഇവിടെ ഇന്ത്യക്കാർ എഴുതിയ ഇംഗ്ലീഷ് പുസ്തകം നേറ്റീവ് സ്പീക്കർസ് വായിക്കാറില്ല. അവരുടെ രീതികളിൽ നിന്ന് എന്തെങ്കിലും വ്യത്യസ്തമായി കണ്ടാൽ സ്വീകരിക്കാൻ ബുദ്ധിമുട്ടാണ്. പുതിയ കൾച്ചർ മനസിലാക്കാനും മറ്റും നമ്മൾ കുറച്ചു കൂടി ഓപ്പൺ ആണ്.

പതിമൂന്ന് പുസ്തകത്തിൽ ഏറ്റവും സംതൃപ്തി തോന്നിയത്?

യുവേർസ് പൂർണി. അമ്മാവൻ അനന്തരിവളെ വിവാഹം ചെയ്യുന്ന തമിഴ് നാട്ടിലെ രീതിയാണ് കഥയ്ക്ക് ആധാരം. അമ്മാവന്റെ മനസിലെ സംഘർഷങ്ങളും പ്രശ്നങ്ങളും ഇന്ത്യൻ വായനക്കാർക്ക് റിലേറ്റ് ചെയ്യാൻ സാധിക്കും.അതിലെ നായികയെ ദത്തെടുത്തതായിട്ടാണ് പറഞ്ഞുപോകുന്നത്.

വീട്ടിൽ കാര്യമായി ഒന്നും ചെയ്യാനില്ലാത്തതുകൊണ്ടാണോ സംഘടനാ പ്രവർത്തനത്തിലേക്ക് സജീവമായത്; അതോ എഴുത്താണോ അതിലേക്ക് നയിച്ചത്?

ആളുകളുമായി ഇടപഴകാൻ താല്പര്യമുള്ള ആളാണ് ഞാൻ. കേരള അസോസിയേഷൻ ഓഫ് കോളറാഡോയിൽ അന്നത്തെ പ്രസിഡന്റ് വേണു ചേട്ടനെ പരിചയപ്പെട്ടതാണ് സംഘടനയിലേക്ക് വാതിൽ തുറന്നത്.കുട്ടികൾക്കു വേണ്ടി യൂത്ത് പ്രോഗ്രാം ചെയ്യാൻ വേണ്ടി ഒരാളെ അന്വേഷിക്കുകയായിരുന്നു അദ്ദേഹം. ലിറ്ററേച്ചർ യുവ സെക്രട്ടറി എന്ന നിലയിലാണ് അസോസിയേഷനിൽ വന്നത്. മാഗസിൻ എഡിറ്റ് ചെയ്യാനും അവസരം ലഭിച്ചു. കുട്ടികൾക്കു വേണ്ടി മാത്രമല്ല കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് കുറച്ചുനാളുകൾകൊണ്ട് മനസിലാക്കി. ക്രിയേറ്റീവ് റൈറ്റിംഗ് സെഷനും ആർട് വർക്ക് ഷോപ്പും സംഘടിപ്പിച്ചു. കേരള അസോസിയേഷൻ ഓഫ് കൊളറാഡോയിൽ മൂന്നു വർഷം ഉണ്ടായിരുന്നു. രണ്ടാമത്തെ വർഷം നിഷാന്ത് ആയിരുന്നു പ്രസിഡന്റ്. വെസ്റ്റേൺ റീജിയൺ വുമൺസ് ഫോറത്തിന്റെ ഭാഗമായത് ആ കാലയളവിലാണ്. അവിടെ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. വെസ്റ്റേൺ റീജിയൺ വെബ്സൈറ്റ് റീ ഡിസൈൻ ചെയ്തതാണ് അതിൽ പ്രധാനം. സജിൻ, ആർ.വി.പി. ജോസേട്ടൻ എന്നിവരുടെ കൂടെ അതിന്റെ കണ്ടന്റ് എഴുതാൻ കൂടി.

ഫോമായുമായുള്ള ബന്ധത്തിന്റെ തുടക്കം?

കേരള അസോസിയേഷൻ ഓഫ് കൊളറാഡോയിലൂടെയാണ് ഫോമായിൽ വന്നത്. ഫോമായുടെ നാഷണൽ ലവലിൽ രണ്ടുമൂന്നു പ്രോജക്റ്റുകളുടെ ഭാഗമായി പ്രവർത്തിച്ചു. ഗാന്ധിഭവനിൽ വച്ചുനടന്ന ഓണാഘോഷ പരിപാടിയായ, 'ബാലരാമപുരം കൈത്തറിക്ക് ഒരു കൈത്താങ്ങ്' എന്ന പ്രോജക്ടിൽ സംബന്ധിക്കാൻ സാധിച്ചു. 'മയൂഖം' ബ്യൂട്ടി പാജെന്റ് നടക്കുമ്പോൾ ഇംഗ്ലീഷ് സ്ക്രിപ്റ്റ് എഴുതി കൊടുത്തു. ന്യൂസ് ട്രാൻസ്ലേഷൻ ചെയ്തു.

അമേരിക്കൻ മലയാളി സംഘടനകളുടെ സംഘടനയായ ഫോമായുടെ വനിതാ ഫോറത്തിന്റെ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കാനുള്ള പ്രേരണ?

സ്ത്രീകൾക്കായി എന്തെങ്കിലും ചെയ്യാൻ പറ്റുമെന്ന വിശ്വാസമാണ് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ പ്രേരണയായത്. ഞങ്ങൾ നല്ലൊരു ടീമാണ്. വുമൺസ് ഫോറം മികച്ച രീതിയിൽ മുന്നോട്ടു പോകുന്നത് ആ മാനസിക ഐക്യം കൊണ്ടാണ്. ഫ്ളവേഴ്സ് ടിവിയിൽ വോളണ്ടറിയായി സോഷ്യൽ മീഡിയ സപ്പോർട്ടും ചെയ്യുന്നു.

emalayalee.com

തിരക്കുകൾ എഴുത്തിനെ ബാധിക്കുന്നുണ്ടോ?

രണ്ടു പുസ്തകങ്ങൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഏഴെട്ടുമാസമായി തൊട്ടുനോക്കിയിട്ട്. അത് തീർക്കണം.

പുതിയ കഥകളുടെ തീം എന്താണ്?

ഒന്ന് മുത്തശ്ശി മുതൽ പല തലമുറകളുടെ കഥ പറഞ്ഞുപോകുന്ന സീരീസാണ്. മറ്റൊന്ന് ഒരു റോക്ക് ബാൻഡിന്റെ കഥയാണ്. അതിലെ എല്ലാ അംഗങ്ങൾക്കും പറയാൻ ഓരോ കഥയുണ്ട്.

ഇന്ത്യൻ കൾച്ചറുമായി സാമ്യം തോന്നിയിട്ടുള്ളത് ഏത് ഭാഷയിലെ എഴുത്തുകാർക്കാണ്?

പഴയ ഇംഗ്ലീഷ് എഴുത്തുകാരുടെ(ബ്രിട്ടീഷ്) പുസ്തകങ്ങൾക്ക് സാമ്യം തോന്നിയിട്ടുണ്ട്. ടർക്കിഷ് എഴുത്തുകാരുടെ പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടില്ല. അല്ലാതെ ജനറലായി ലേഖനങ്ങളും മറ്റും വായിച്ചപ്പോൾ കുറച്ചു കൂടി ഹോംലി ആയി തോന്നി.

എഴുത്ത് സംബന്ധിച്ച് കിട്ടിയിട്ടുള്ള അംഗീകാരങ്ങൾ?

ആമസോണിൽ ബെസ്റ്റ് സെല്ലറിൽ ഉണ്ടായിരുന്ന രണ്ടു പുസ്തകങ്ങളാണ് യുവേർസ് പൂർണ്ണി, ഡിസെപ്റ്റീവ് ബാരിറ്റോണും. ആമസോൺ ബെസ്റ്റ് സെല്ലേഴ്സിലെ ആദ്യ നൂറെണ്ണത്തിന്റെ പട്ടികയിൽ എന്റെ നാല് പുസ്തകങ്ങൾ ഇടം നേടിയിരുന്നു. വായനക്കാർ അയയ്ക്കുന്ന സന്ദേശങ്ങൾ എനിക്ക് പ്രിയപ്പെട്ടതാണ്. എന്റെ കഥകൾ കൂടുതലും ശുഭപര്യവസായികളാണ്. ഓൺ സെറ്റ്സ എന്ന പുസ്തകത്തിൽ സങ്കടകരമായ അവസാനമാണ്. ഈ പുസ്തകം വായിച്ച് നിങ്ങളിൽ നിന്ന് ദു:ഖപൂർണ്ണമായ അവസാനം പ്രതീക്ഷിച്ചില്ല എന്ന് ഒരു വായനക്കാരി പറഞ്ഞു. അത് ഹൃദയത്തോട് ചേർന്നു നിൽക്കുന്ന വാക്കുകളാണ്.എനിക്ക് അത് അങ്ങനെയേ അവസാനിപ്പിക്കാൻ സാധിക്കുമായിരുന്നുള്ളു.

ബുക്കർ പ്രൈസ് പോലുള്ള സ്വപ്നങ്ങളുണ്ടോ?

സ്വപ്നമൊന്നുമില്ല. അങ്ങനെ കിട്ടിയാൽ നല്ലത്. ഞാൻ ശുഭാപ്തി വിശ്വാസം ഉള്ള ആളാണ്.

സംഘടനാ പ്രവർത്തനങ്ങളിൽ ചാരിതാർത്ഥ്യമുണ്ടോ?

തീർച്ചയായും. 35 വയസുകഴിഞ്ഞ സ്ത്രീകളിൽ സ്തനാർബുദവും ഗർഭാശയ അർബുദവും





വർദ്ധിച്ചുവരികയാണ്. സ്ക്രീനിംഗ് നടത്തി രോഗം മുൻകൂട്ടി അറിയുന്ന രീതി, അമേരിക്കയിൽ വളരെ മുൻപേ ഉണ്ട്. കേരളത്തിലും അങ്ങനൊരു അവബോധം ആരംഭിച്ചിട്ടുണ്ടെങ്കിലും, സാധാരണക്കാരിലേക്ക് അത് എത്തപ്പെട്ടിട്ടില്ല.നേരത്തെ ചികിത്സിച്ചാൽ ഭേദമാകുന്ന ഇത്തരം രോഗങ്ങൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ശ്രദ്ധിക്കാതെ വിടുകയും അസുഖം മൂർച്ഛിച്ച് മരണപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ ഇന്ന് സാധാരണമായി മാറിയിരിക്കുന്നു. ബോധവൽക്കരണം പ്രധാനമാണ്. കുടുംബപ്രാരാബ്ധങ്ങൾക്കിടയിൽ സ്വന്തം ആരോഗ്യത്തിന് പ്രാധാന്യം കൊടുക്കാൻ മലയാളി സ്ത്രീകൾ പൊതുവേ വിമുഖത കാണിക്കാറുണ്ട്. അത് മാറണം. സ്ത്രീകളുടെ ആരോഗ്യം ഒരു കുടുംബത്തിന്റെ അടിത്തറയാണ്.ഇടുക്കി അട്ടപ്പാടിയിലെ ഏറ്റവും സാധാരണക്കാരായ സ്ത്രീകളിൽ ക്യാൻസർ സ്ക്രീനിംഗ് നടത്താൻ സൗജന്യ ക്യാമ്പ് നടത്തുന്നതിൽ ചാരിതാർഥ്യമുണ്ട് . രോഗനിർണ്ണയം മുൻകൂട്ടി സാധ്യമാകുന്നതിലൂടെ ഒരു ജീവനെങ്കിലും രക്ഷിക്കാൻ സാധിച്ചാൽ, അതിനപ്പുറം ഒരു സന്തോഷം ലഭിക്കാനില്ല.

ബാംഗ്ലൂരിലുള്ള ഡോ.അശ്വനി എന്ന സൈക്കോളജിസ്റ്റുമായി ചേർന്ന് മറ്റൊരു പ്ലാൻ ഉണ്ട് . പീഢനത്തിനിരയായ സ്ത്രീകൾക്കും കുട്ടികൾക്കും ജീവിതത്തിലേക്ക് തിരിച്ചുവരാനുള്ള പിന്തുണ നൽകുന്നതിൽ അവർക്കുള്ള പ്രാഗത്ഭ്യം, അമേരിക്കയിലെ സ്ത്രീകൾക്ക് പ്രയോജനപ്പെടുത്താൻ വേണ്ടിയുള്ള ഉദ്യമമാണത്.ഇവിടെ സ്ത്രീകൾ ഒറ്റപ്പെട്ടതുപോലെയാണ്. അവരുടെ പ്രശ്നങ്ങൾ തുറന്നു പറയാറില്ല. അമേരിക്കയിലെ സ്ത്രീകൾക്കു വേണ്ടി അഞ്ച് സെഷനുകൾ നടത്താനാണ് തീരുമാനം.അവർക്ക് പോസിറ്റീവ് ഫീൽ കൊടുക്കുകയാണ് ലക്ഷ്യം.

കുടുംബം?

ഭർത്താവ് ജയൻ കോടിയാട്ട് ഐ.ടി. ഫീൽഡിലാണ്. രണ്ടു പെൺകുട്ടികൾ നന്ദ (പതിനാറ് വയസ്) ഒൻപതാം ക്ലാസിൽ പഠിക്കുന്നു. വേദ (പതിമൂന്ന് വയസ്) ആറാം ക്ലാസിൽ പഠിക്കുന്നു. നന്ദ സ്കൾപ്ച്ചറും പെയിന്റിംഗ് ഒക്കെ ചെയ്യും. ഡിസ്ട്രിക്ട് തലത്തിൽ ഒന്നാം സമ്മാനം കിട്ടിയിട്ടുണ്ട്.

emalayalee.com